**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**<u>പോലീസ് സർവ്വീസിലെ പ്രമോഷന് നടപടി</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 147. 3/2/2020-ൽ മറുപടിക്ക്**

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന പോലീസ് സർവ്വീസിൽ ജനറൽ എക്സിക്യൂട്ടീവ് ബാച്ചിൽ സി.ഐ., ഡി.വൈ.എസ്.പി. മാരുടെ എത്ര വേക്കൻസികൾ നിലവിലുണ്ട്; ഇവരുടെ പ്രമോഷൻ വൈകാനുള്ള കാരണം വിശദമാക്കാമോ ; | (എ) | സംസ്ഥാന പോലീസ് സർവ്വീസിൽ ഡി.വൈ.എസ്.പി.മാരുടെ 21 ഒഴിവുകൾ നിലവിലുണ്ട്. ഡി.വൈ.എസ്.പി.മാരായി പ്രമോഷൻ ലഭിക്കുന്നതിന് അർഹരായ ഇൻസ്പെക്ടർമാരുടെ ലിസ്റ്റ് (സെലക്ട് ലിസ്റ്റ്-2019) തയ്യാറാക്കുന്നതിനായി ഡി.പി.സി. കൂടുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു.<br><br>ഇൻസ്പെക്ടർമാരുടെ 155 ഒഴിവുകൾ നിലവിലുണ്ട്. ബറ്റാലിയനിലൂടെയും, എ.ആർ. വഴിയും സർവ്വീസിൽ പ്രവേശിച്ചവരുടെ സീനിയോരിറ്റി തർക്കം ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പി.സി. മുതൽ എസ്.ഐ. കേഡർ വരെയുള്ള സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ഇപ്പോൾ എസ്.ഐ.മാരുടെ സംസ്ഥാനതല സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നു വരികയുമാണ്. പ്രസ്തുത ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കിയതിനുശേഷം ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | സി.ഐ., ഡി.വൈ.എസ്.പി. മാരുടെ ഡി.പി.സി. ലിസ്റ്റ് നിലവിലുണ്ടോ; ഇല്ലെങ്കിൽ ഡി.പി.സി. കൂടാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) & (സി) | ഇൻസ്പെക്ടർ ഓഫ് പോലീസ് ആയി സ്ഥാനക്കയറ്റം നൽകുന്നതിന് അർഹരായ സബ് ഇൻസ്പെക്ടർ ഓഫ് പോലീസിന്റെയും ഡി.വൈ. എസ്.പി. മാരായി സ്ഥാനക്കയറ്റം നൽകുന്നതിന് അർഹരായ ഇൻസ്പെക്ടർമാരുടെയും 2019 വർഷത്തെ സെലക്ട് ലിസ്റ്റ് നിലവിലില്ല. സെലക്ട് ലിസ്റ്റ് തയ്യാറാക്കി ഡി.വൈ.എസ്.പി. തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടി നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (സി) | അടിയന്തരമായി സി.ഐ., ഡി.വൈ.എസ്.പി.മാർക്ക് പ്രമോഷൻ നൽകാനുള്ള നടപടി സ്വീകരിക്കുമോ; | | ബഹു. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സബ് ഇൻസ്പെക്ടർ ഓഫ് പോലീസിന്റെ സംസ്ഥാനതല സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനു- ശേഷം ഡി.പി.സി. കൂടി എസ്.ഐ (ജി.ഇ) മാരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കി ഇൻസ്പെക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | നിലവിൽ എസ്.ഐ. ആയി ജോലി ചെയ്യുന്നവർക്ക് പ്രമോഷൻ നൽകുവാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (ഡി) | ബറ്റാലിയനിലൂടെയും, എ.ആർ വഴിയും സർവ്വീസിൽ പ്രവേശിച്ചവരുടെ സീനിയോരിറ്റി തർക്കം ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പി.സി. മുതൽ എസ്.ഐ. കേഡർ വരെയുള്ള സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ഇപ്പോൾ എസ്.ഐ.മാരുടെ സംസ്ഥാനതല സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നു വരികയുമാണ്. ലിസ്റ്റ് തയ്യാറാക്കുന്ന മുറയ്ക്ക് അർഹരായ സബ് ഇൻസ്പെക്ടർമാർക്ക് ഇൻസ്പെക്ടർ ഓഫ് പോലീസ് ആയി സ്ഥാനക്കയറ്റം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ